# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 529

## 29.10.2019 - ലെ മറുപടിയ്ക്ക്

### ട്രഷറിയിലെ ഹ്രസ്വകാല നിക്ഷേപം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പ് മന്ത്രി<br>ഡോ. റ്റി.എം. തോമസ് ഐസക് |
| (എ) | ട്രഷറിയിൽ ഉയർന്ന പലിശ നിരക്കിൽ ഹ്രസ്വകാല നിക്ഷേപം സ്വീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ; | 04.10.2019 - ലെ 136/2019/ധന നമ്പർ ഉത്തരവ് പ്രകാരം ട്രഷറികളിൽ 01.11.2019 മുതൽ ഉയർന്ന പലിശ നിരക്കിൽ ഹ്രസ്വകാല സ്ഥിര നിക്ഷേപങ്ങൾ സ്വീകരിക്കാൻ ഉത്തരവായിട്ടുണ്ട്. 46 ദിവസം മുതൽ 90 ദിവസം വരെ 6.50%, 91 ദിവസം മുതൽ 180 ദിവസം വരെ 7.25%, 181 ദിവസം മുതൽ 365 ദിവസം വരെ 8.00% എന്നിങ്ങനെയാണ് പലിശ അനുവദിച്ചിട്ടുള്ളത്. |
| (ബി) | നിക്ഷേപ പദ്ധതികൾ ആകർഷകമാക്കി കൂടുതൽ പണം ട്രഷറിയിൽ എത്തുന്നതിലൂടെ സംസ്ഥാനം നേരിടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധി മറികടക്കുവാനാകും എന്ന് വിലയിരുത്തുന്നുണ്ടോ ; | നിക്ഷേപ പദ്ധതികൾ ആകർഷകമാക്കുക വഴി ട്രഷറിയിലെ പണലഭ്യതയിൽ വർദ്ധനവ് ഉണ്ടാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | ജീവനക്കാരുടെ ശമ്പള തുക ട്രഷറിയിൽ ഇ.ടി.എസ്.ബി. അക്കൗണ്ടിൽ ആദ്യ പതിനെട്ട് ദിവസം നിലനിർത്തിയാൽ കൂടിയ പലിശ നൽകുമോ ; എത്ര ശതമാനം പലിശയാണ് ഇതിന് നൽകുന്നത് ; വ്യക്തമാക്കാമോ ; | 20.07.2019 - ലെ ജി.ഒ.(പി) 94/2019/ധന പ്രകാരം ഇ.ടി.എസ്.ബി. അക്കൗണ്ടിൽ ഓരോ മാസത്തെയും പതിനെട്ടാം തീയതി വരെ നിലനിൽക്കുന്ന ഏറ്റവും കുറഞ്ഞ ബാലൻസിന് 6% പലിശയാണ് സർക്കാർ നൽകി വരുന്നത്. |
| (ഡി) | 2019 സെപ്റ്റംബറിൽ ഇപ്രകാരം ഇ.ടി.എസ്.ബി. അക്കൗണ്ടിൽ എന്ത് തുക | 2019 സെപ്റ്റംബർ നാലാം തീയതി മുതൽ പതിനെട്ടാം തീയതി വരെയുള്ള പതിനഞ്ചു ദിവസം ഇ.ടി.എസ്.ബി. |

| | | |
|---|---|---|
| | പതിനെട്ട് ദിവസത്തിൽ ജീവനക്കാർ നിലനിർത്തിയെന്നും അതിന് പലിശയിനത്തിൽ എന്ത് തുക നൽകിയെന്നും വ്യകതമാക്കമോ ? | അക്കൗണ്ടിൽ നിലനിർത്തിയ തുക 160,01,84,340/- (നൂറ്റിയറുപതു കോടി ഒരു ലക്ഷത്തി എൺപത്തി നാലായിരത്തി മുന്നൂറ്റി നാല്പതു) രൂപയാണ്. ഇതിനു നൽകിയ പലിശ 78,03,378/- (എഴുപത്തിയെട്ടു ലക്ഷത്തി മൂവായിരത്തി മുന്നൂറ്റി എഴുപത്തിയെട്ടു) രൂപയാണ്. |

Manjula

**സെക്ഷൻ ഓഫീസർ**